# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2429** **08.03.2017-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ-യിലെ അസിസ്റ്റന്റിന്റെ ഒഴിവുകൾ

| | ചോദ്യം<br><br>ശ്രീ.ഒ. രാജഗോപാൽ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ-യിൽ അസിസ്റ്റന്റിന്റെ എത്ര തസ്തികകൾ ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എത്ര നിയമനങ്ങൾ നടത്തി; | (എ) | കെ.എസ്.എഫ്.ഇ.യിലെ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുന്നത് ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങൾ ആധാരമാക്കിയാണ്. ഇത്തരത്തിൽ ഏറ്റവും ഒടുവിൽ അതായത് 30.09.2016 ആധാരമാക്കി നടത്തിയ ബിസിനസ്സ് പുനരവലോകനപ്രകാരം 3652 അസിസ്റ്റന്റ് തസ്തികകൾ കെ.എസ്.എഫ്.ഇയിലുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിൽ 1390 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു; | (ബി) | അസിസ്റ്റന്റ് തസ്തികയിൽ 251 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 243 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടുള്ളതാണ്. ഇവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ജെ.ഡി ഉൾപ്പെടെ 622 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ-യിൽ എത്ര ബ്രാഞ്ചുകൾ പുതുതായി തുടങ്ങി; അവിടെല്ലാം എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചു; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218 ബ്രാഞ്ചുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. ഇതിൽ നാളിതുവരെ പൂർണ്ണരീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ളത് 190 ബ്രാഞ്ചുകളാണ്.<br>ടി ബ്രാഞ്ചുകളിലായി 445 അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചു. |
| (ഡി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; | (ഡി) | ഇല്ല; |
| (ഇ) | അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേരെ നിയമിച്ചു ; അതിനുള്ള മാനദണ്ഡങ്ങൾ , യോഗ്യതകൾ എന്തെല്ലാം; കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ ? | (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികയിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും 114 പേരെ നിയമിച്ചു.<br><br>**<u>മാനദണ്ഡം</u>**<br><br>താഴ്ന്നവിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനമാണ് നൽകിയിരുന്നത്. 24.09.2013-ലെ G.O.(MS)No.162/13//TD പ്രകാരം ഇത് 10% മായി ഉയർത്തിയിട്ടുണ്ട്.<br><br>**<u>യോഗ്യത</u>**<br><br>1. എസ്.എസ്.എൽ.സി<br>2. സബോർഡിനേറ്റ് സർവ്വീസിൽ രണ്ട് വർഷത്തെ പ്രവർത്തിപരിചയം.<br>3. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ<br><br>കൂടാതെ പി.എസ്.സി നടത്തുന്ന യോഗ്യതാ പരീക്ഷയും പാസ്സായിരിക്കണം.<br><br>കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**